(ബി) ഇല്ലെങ്കിൽ അത്തരം ഒരു കണക്കെടുപ്പ് നടത്തുമോ ;

(സി) ഇത്തരം കൃഷിക്കാരുടെ ജീവിതനിലവാരത്താഴ്ച തടയുന്നതിനു വേണ്ടി ഒരു പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ ഇല്ലെങ്കിലും ഭാവിയിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ലെങ്കിലും ഭാവിയിൽ പരിശോധിക്കുന്നതാണ്.

തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

70(2426) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തണ്ണീർമുക്കം ബണ്ട് അടച്ചിടുന്ന സമയം പരമാവധി കുറയ്ക്കാൻ കഴിയുംവിധം ശാസ്ത്രീയമായ ഒരു കാർഷിക കലണ്ടർ തയ്യാറാക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ; ഇത്തരത്തിൽ ഒരു കാർഷിക കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) തണ്ണീർമുക്കം ബണ്ട് പൂർണ്ണമായും ഷട്ടറുകളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയ ചെന്നൈ ഐ.ഐ.ടി. എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ;

(സി) ഇതനുസരിച്ച് തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തണ്ണീർമുക്കം ബണ്ടിന്റെ അടച്ചിടുന്ന സമയം പരമാവധി കുറയ്ക്കുന്നതിനും നവീകരണത്തിനുമായി കുട്ടനാട് വെറ്റ്‌ലാന്റ് സിസ്റ്റത്തെക്കുറിച്ച് പഠിക്കുന്നതിലേക്ക് ഐ.ഐ.ടി. ചെന്നൈയെയും സി.ഡബ്ല്യു.ആർ.ഡി.എം. കോഴിക്കോടിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 11-6-2009-ൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, ഐ.ഐ.ടി. ചെന്നൈ എന്നിവർ ചേർന്ന് ഒരു എം.ഒ.യു. ഒപ്പുവെച്ചിട്ടുണ്ട്. ടി പഠനം പുരോഗതിയിലും അന്തിമ പഠന റിപ്പോർട്ട് 2011 ഫെബ്രുവരി മാസം 28-ന് മുൻപായി ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു. നിലവിൽ പുഞ്ചകൃഷിക്കായി കൃഷി വകുപ്പിന്റെ ഒരു അംഗീകൃത കാർഷിക കലണ്ടർ ഉണ്ട്. എന്നാൽ ടി പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം കുട്ടനാട്ടിലെ കർഷകർക്ക് സ്ഥിരമായി പ്രാവർത്തികമാക്കുന്നതിലേക്ക് ഒരു ശാസ്ത്രീയ കാർഷിക കലണ്ടർ തയ്യാറാക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) സംസ്ഥാന സർക്കാരിന് പഠന റിപ്പോർട്ട് ഇനിയും ലഭ്യമായിട്ടില്ല. 2011 ഫെബ്രുവരി അവസാനവാരം പഠന റിപ്പോർട്ട് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അത് കിട്ടിയതിനുശേഷം നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

സീറോ ബഡ്ജറ്റ് ഫാമിംഗ്

171(2427) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പലേക്കർ ആവിഷ്കരിച്ച സീറോ ബഡ്ജറ്റ് ഫാമിംഗിന് കൃഷി വകുപ്പ് എന്തെങ്കിലും പ്രോത്സാഹനം നൽകുന്നുണ്ടോ ;

(ബി) കാർഷികച്ചെലവ് തീരെ കുറയ്ക്കുന്ന പ്രസ്തുത സമ്പ്രദായം പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(സി) സീറോ ബജറ്റ് ഫാമിങ്ങിന് ആവശ്യമായ നാടൻ പശുക്കളെ കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കാൻ പദ്ധതി ആവിഷ്കരിക്കുമോ ;

(ഡി) ജൈവരീതിയിൽ കൃഷി ചെയ്യുന്ന നെൽപ്പാടങ്ങളിൽ നിന്നു കിട്ടുന്ന വൈക്കോലും അനുബന്ധവസ്തുക്കളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുവാൻ നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ ; ഇല്ലെങ്കിൽ ഇത്തരം സംരംഭത്തിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(ഇ) ജൈവകൃഷിക്കാരുടെ ജില്ലാതല-സംസ്ഥാനതല സംഗമങ്ങളും ആശയവിനിമയങ്ങളും അനുഭവ പങ്കുവെയ്ക്കലും ഇപ്പോൾ നടത്തിവരുന്നുണ്ടോ ; ഇല്ലെങ്കിൽ അത്തരം ഒരു സംരംഭത്തിന് നടപടി സ്വീകരിക്കുമോ ;

(എഫ്) പഞ്ചായത്ത് അടിസ്ഥാനത്തിൽ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കാനായി നിലവിൽ ഒരു ജൈവകർഷക അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അത്തരം ഒരു അവാർഡ് ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ പദ്ധതിയില്ലെങ്കിലും വരുന്ന വർഷം പദ്ധതിയിൽ ഒരു പൈലറ്റ് പ്രോജക്ടായി പരിഗണിക്കുന്നതാണ്.

(സി) നിലവിൽ കൃഷി വകുപ്പിൽ ഇത്തരം ഒരു പദ്ധതി പരിഗണനയിലില്ല.

(ഡി) ഇല്ല. ഇക്കാര്യം നിലവിൽ സർക്കാർ പരിഗണനയിലില്ല. വരുന്ന വർഷത്തെ പദ്ധതിയിൽ പരിഗണിക്കുന്നതാണ്.

(ഇ) ഭാവി പരിപാടി രൂപപ്പെടുത്തുമ്പോൾ പരിഗണിക്കുന്നതാണ്.

(എഫ്) ഇല്ല. ഈ ആശയം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly